
വാല്യം 21 - മേയ് 2016

# അഗപെ കയ്യെഴുത്തു മാസിക



## ഫീച്ചർ

മിഷനറി ചരിത്രം - സി .റ്റി സ്റ്റഡ്

ലേഖനം - സാജു ജോൺ മാത്യു

follow us:

+971 50 3243161

Gmail agape.magasine@gmail.com

http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# അകാരാദി


മുഖവുര 3

ആകുലപ്പെടാതെ പ്രാർത്ഥിക്കുകയും സ്തുതിക്കുകയും ചെയ്യുക - ബ്രദർ. സണ്ണി ജോൺ മാത്യു. 6

പ്രാർത്ഥന കേൾക്കാത്ത ദൈവം 10
ബ്രദർ. ബെന്നി മണലി. കുവൈറ്റ്.

സന്തോഷത്തിന്റെ ഉറവിടം 16
സിസ്റ്റർ. സിന്ധു മാത്യു

സ്നേഹിതൻ ഒരു സഹോദരൻ 19
ജസ്റ്റിൻ തോമസ്.

മിഷനറി ചരിത്രം
സി. റ്റി. സ്റ്റഡ്. 24

പഴയ പാട്ടുകൾ 28
സാധു കൊച്ചുകുഞ്ഞു ഉപദേശി

ചോദ്യാവലി 30

# മുഖവുര



ഓരോ ദിവസവും പ്രാർത്ഥനയോടെ ആരംഭിക്കാം.
പ്രാർത്ഥനയോടെ തന്നെ അവസാനിപ്പിക്കാം.

# മുഖവുര.

പ്രാർത്ഥനാ ജീവിതത്തിന്റെ പ്രാധാന്യത്തെ ഓർമ്മിപ്പിക്കുന്ന ഒരു ലക്കവുമായിട്ടാണ് ആഗസ്റ്റ് മാസിക നിങ്ങളുടെ അടുക്കലേക്ക് എത്തുന്നത്. പ്രാർത്ഥനയ്ക്കു എത്രത്തോളം പ്രാധാന്യം ഉണ്ടെന്നു, നമ്മുടെ നായകൻ തന്നെ തന്റെ ഐഹികജീവിതകാലത്തു പഠിപ്പിക്കുകയും പ്രവർത്തിയിലൂടെ കാണിച്ചു തന്നതുമാണ്.

വളരെ തിരക്കുള്ള പ്രേഷിത ജീവിതത്തിനിടക്കും വിശ്രമത്തിനായി ശരീരം കൊതിക്കുമ്പോഴും പിതാവാകുന്ന ദൈവത്തിന്റെ സാമീപ്യത്തിനായി കൊതിച്ച്, തനിച്ച് മാറിട്ടു പോയി പ്രാർത്ഥിക്കുന്ന ഒരു ഗുരുവിന്റെ ശിഷ്യൻമാരാണ് നാം ഓരോരുത്തരും എന്ന കാര്യം ഓർക്കുക.

പ്രാർത്ഥനാ ജീവിതം നമ്മെ വിനയവും ശക്തിയും, പിശാചിന്റെ സകല തന്ത്രങ്ങളോടും എതിർത്തു നിൽക്കുവാനുള്ള കരുത്തും ഉള്ളവരാക്കുവാൻ പ്രാപ്തരാക്കും. വ്യക്തിപരമായ ആവശ്യങ്ങൾക്കു ഉപരിയായി, മറ്റുള്ളവർക്കും, രാജ്യത്തിനും, ദേശത്തിനും, ഭരണാധികാരികൾക്കും, നമ്മെ നയിക്കുന്നവർക്കുമായി പ്രാർത്ഥിക്കുവാൻ നാം ബാധ്യസ്ഥരാണ്. അതുകൊണ്ടാണ് പൗലോസ് അപ്പോസ്തലൻ ആഹ്വാനം ചെയ്യുന്നതും, അപേക്ഷിക്കുന്നതും. [1 തിമൊഥെയൊസ് 2:1-2] "എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സമാധാനവും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു.

[എഫെസ്യർ 6:19-20] "ഞാൻ ചങ്ങല ധരിച്ചു സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്നെ —

വായി തുറക്കുമ്പോൾ എനിക്കു വചനം നല്കപ്പെടേ-
ണ്ടതിന്നും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ
പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിന്നും പ്രാർത്ഥിപ്പിൻ.

യേശു കർത്താവും നമ്മോടു ആവശ്യപ്പെട്ട് നാം ഓർക്കുക, ഒരു മണിനേരമെങ്കിലും ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ, പരീക്ഷയിൽ അകപ്പെടാതിരിക്കുവാനായി. ഇങ്ങനെ ഉള്ള ഒരു ലോകത്താണ് നാം ജീവിക്കുന്നത്. ഓരോ കാൽച്ചുവടും വളരെയേറെ സൂക്ഷ്മതയോടെ വയ്ക്കാം. അവന്റെ കൂട്ടായ്മയിലേക്ക് കടന്നു ചെല്ലുവാൻ പ്രാർത്ഥന എന്ന വഴി തിരഞ്ഞെടുക്കാം. ഓരോ ദിവസവും പ്രാർത്ഥനയോടെ ആരംഭിക്കാം. പ്രാർത്ഥനയോടെ തന്നെ അവസാനിപ്പിക്കാം.

സങ്കീർത്തനങ്ങൾ 55: 17.

"ഞാൻ വൈകുന്നേരത്തും കാലത്തും ഉച്ചക്കും
സങ്കടം ബോധിപ്പിച്ചു കരയും;
അവൻ എന്റെ പ്രാർത്ഥന കേൾക്കും."



## ആകുലപ്പെടാതെ പ്രാർത്ഥിക്കുകയും സ്തുതിക്കുകയും ചെയ്യുക - ബ്രദർ. സജു ജോൺ മാത്യു.

പ്രാർത്ഥിക്കുന്ന മനുഷ്യൻ താഴ്മ ഉള്ളവനായിരിക്കും. തന്റെ സാഹചര്യങ്ങളെല്ലാം സ്വയം തരണം ചെയ്യുവാൻ പ്രാപ്തനല്ല എന്ന് സ്വയം സമ്മതിക്കും. സ്തുതിക്കുന്ന മനുഷ്യനും അതുപോലെ താഴ്മ ഉള്ളവനായിരിക്കും. തനിക്ക് ലഭിച്ചതൊക്കെയും തന്റെ യോഗ്യതകൾക്ക് മുകളിൽ ആണെന്ന് അംഗീകരിക്കുന്നു.

## ആകുലപ്പെടാതെ പ്രാർത്ഥിക്കുകയും സ്തുതിക്കുകയും ചെയ്യുക - ബ്രദർ. സന്തു ജോൺ മാത്യു.

വായനാ ഭാഗം: യാക്കോബ്: 5:13-18.

"നിങ്ങളിൽ കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ; സുഖം അനുഭവിക്കുന്നവൻ പാട്ടു പാടട്ടെ." [വാക്യം:13]


സുഖദുഃഖ സമ്മിശ്രമാണ് മാനുഷിക ജീവിതം. നാം എല്ലാവരും തന്നെ ഇതിൽ ഏതെങ്കിലും അവസ്ഥയിലാണ്. യാക്കോബ് പറയുന്നത് കഷ്ടത്തിൽ ആയിരിക്കുന്നവൻ പ്രാർത്ഥിക്കണം. സന്തോഷം അനുഭവിക്കുന്നവൻ പാട്ടു പാടണം. നാം ജീവിതത്തിൽ പാലിക്കപ്പെടേണ്ട രണ്ട് ഭാവങ്ങൾ ആണിത്.

കഷ്ടത്തിൽ അകപ്പെടുമ്പോൾ നാം പ്രാർത്ഥിക്കുന്നു. എന്നാൽ അതോടൊപ്പം ആകുലപ്പെടുകയും ചെയ്യുന്നു. ആകുലതയും പ്രാർത്ഥനയും ഒരുമിച്ച് പോകുന്നു. നമ്മുടെ മിക്ക പ്രാർത്ഥനകളുടെയും ഉറവിടം ഭയത്തിൽ നിന്നും ആകുലതയിൽ നിന്നുമാണ്. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് നാം വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക എന്നുള്ളതാണ്. ആശ്രയവും ആകുലതയും ഒരിക്കലും ഒന്നിച്ചു പോകയില്ല എന്നുള്ളത് നാം ഓർക്കേണ്ടതാണ്. ഇവ ഒരിക്കലും യോജിക്കുന്നവയല്ല. [ഭയവും ആകുലതയും സഹോദരങ്ങളാണ്] നിങ്ങൾ ആശ്രയിക്കുന്നുവെങ്കിൽ ആകുലപ്പെടരുത്. കാരണം ആകുലതയുള്ളവർക്ക് ആശ്രയിക്കുവാൻ കഴിയുകയില്ല. കഷ്ടത്തിൽ ആയിരിക്കുന്ന സമയത്ത് നിന്നെ സഹായിക്കുന്ന ഒരു ദൈവം ഉണ്ടെന്നും അവൻ സഹായിക്കുകയും



കരുതുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നുവെങ്കിൽ ആകുലതയിൽ നിന്നുള്ള പ്രാർത്ഥന അല്ല പ്രത്യുത വിശ്വാസത്തിൽ നിന്നുള്ള പ്രാർത്ഥനയാണ് ഉയരേണ്ടത്.

നാം അനുഗ്രഹിക്കപ്പെടുമ്പോൾ എന്താണ് ചെയ്യേണ്ടത്? ദാവീദ് പറയുന്നു ദൈവത്തെ മഹത്വീകരിക്കുക. [സ്തുതിക്കുക] പരിഭവങ്ങൾ കൂടാതെ നമ്മുടെ ഹൃദയത്തിന്റെ ഉള്ളിൽ നിന്നും ഉയരേണ്ട നന്ദി പ്രകടനമാണ് സ്തുതി. നാം പ്രതികൂലത്തിൽ ആകപ്പെടുമ്പോൾ പ്രാർത്ഥിക്കാറുണ്ട്. എന്നാൽ അനുഗ്രഹിക്കപ്പെടുമ്പോൾ നന്ദി കരേറ്റുവാൻ നാം



മറന്നു പോകുന്നു. ഇസ്രായേൽ മക്കൾ മരുഭൂമിയിൽ ആയിരുന്നപ്പോൾ നൂറു കണക്കിന് അനുഗ്രഹങ്ങൾ അവർ അനുഭവിച്ചു. ഫറവോന്റെയും അവന്റെ സൈന്യത്തിന്റെയും കൈയ്യിൽ നിന്നും വിടുവിക്കപ്പെട്ട് ചെങ്കടൽ കടന്നശേഷം അവർ ദൈവത്തെ പാടി സ്തുതിക്കുന്നത് നമുക്ക് കാണുവാൻ കഴിയും. നിരവധി പ്രതിസന്ധികൾ അവരുടെ യാത്രയിൽ അനുഭവിക്കേണ്ടി വന്നു. അവിടെയെല്ലാം ദൈവത്തിന്റെ കരുതലും ശക്തിയും രക്ഷയും കാണുകയും അനുഭവിക്കുകയും ചെയ്തു. എങ്കിലും പ്രാർത്ഥിക്കേണ്ടതിനു പകരം അവർ എപ്പോഴും പിറുപിറുക്കുന്നവർ ആയിരുന്നു. ദൈവം അവരെ വിടുവിച്ചിട്ടും നന്ദികരേറ്റുവാൻ അവർക്ക് കഴിഞ്ഞില്ല. അവർ നന്ദിയില്ലാത്തവർ ആയിരുന്നു.

താഴ്മയുള്ള ഒരു ഭാവം ആണ് സ്തുതിക്കുക എന്നുള്ളത്. ദൈവാനുഗ്രഹങ്ങൾക്ക് നാം സ്തുതി കരേറ്റുമ്പോൾ നാം അനുഭവിക്കുവാൻ യോഗ്യരല്ല എന്നത് അംഗീകരിക്കുക.

പ്രാർത്ഥിക്കുന്ന മനുഷ്യൻ താഴ്മ ഉള്ളവനായിരിക്കും. തന്റെ സാഹചര്യങ്ങളെല്ലാം സ്വയം തരണം ചെയ്യുവാൻ പ്രാപ്തനല്ല എന്ന് സ്വയം സമ്മതിക്കും. സ്തുതിക്കുന്ന മനുഷ്യനും അതു പോലെ താഴ്മ ഉള്ളവനായിരിക്കും. തനിക്ക് ലഭിച്ചതൊക്കെയും തന്റെ യോഗ്യതകൾക്ക് മുകളിൽ ആണെന്ന് അംഗീകരിക്കുന്നു.

പ്രാർത്ഥന: കർത്താവേ ഞാൻ പലപ്പോഴും ആകുലപ്പെടുന്നവനാണ്, എന്നോട് ക്ഷമിക്കേണമേ; വിശ്വാസം തരേണമേ. നന്ദിയുള്ളവരായിരിപ്പാൻ സഹായിക്കേണമേ ആമേൻ.

തുടർവായനക്കായി:- ഫിലിപ്പിയർ 4:4-7.
മത്തായി 6:25-34



# പ്രാർത്ഥന കേൾക്കാത്ത ദൈവം

ബ്രദർ. ബെന്നി മണലി. കുവൈറ്റ്

അതെ നിശബ്ദത ശബ്ദത്തിന്റെ സൗന്ദര്യത്തെ കൂട്ടുന്നു താമസിക്കുന്ന പ്രാർത്ഥനയ്ക്ക് പ്രതിഫലം കൂടും. ചിലർ പ്രാർത്ഥിക്കുമ്പോൾ ഉത്തരം എപ്രകാരമാകണം എന്നു ശഠിക്കുന്നു. അവർ ദൈവത്തെ ഉപദേശിക്കുന്നു എന്നു തോന്നും. അങ്ങനെയുള്ള വചനം പറയുന്നത്, നിന്റെ ഭാരം അവനിൽ ഇടുക, പിന്നെ നീ ശാന്തനായി അവന്റെ പ്രവൃത്തിക്കായി കാത്തിരിക്കുക.



# പ്രാർത്ഥന കേൾക്കാത്ത ദൈവം

ലേഖനം: ജൈനി ജോർജ് മാണി.

അനേകം വിശ്വാസികൾ പലപ്പോഴും പറയുന്നത് നാം കേൾക്കാറുണ്ട്, ദൈവം എന്റെ പ്രാർത്ഥന കേട്ടില്ല, കേൾക്കുന്നില്ല, ഞാനിനിയും പ്രാർത്ഥിക്കുന്നില്ല. എന്താണ് ദൈവം എന്നോട് മാത്രം ഇങ്ങനെ?. ഞാൻ 21 ദിവസത്തെ ഉപവാസമെടുത്തിട്ടും ദൈവം എന്നോട് കരുണ കാണിച്ചില്ല. ഞാനും പലപ്പോഴും ചിന്തിക്കാറുണ്ട്, എന്തേ ദൈവം ചില പ്രാർത്ഥനകൾക്ക് ഉത്തരം നൽകാത്തത്. ഇയ്യോബ് 30:20 'ഞാൻ നിന്നോടു നിലവിളിക്കുന്നു; നീ ഉത്തരം അരുളുന്നില്ല; ഞാൻ എഴുന്നേറ്റു നില്ക്കുന്നു; നീ എന്നെ തുറിച്ചുനോക്കുന്നതേയുള്ളു. വീണ്ടും യിരെമ്യാവു 7:16: അതുകൊണ്ടു നീ ജനത്തിനു വേണ്ടി പ്രാർത്ഥിക്കരുതു; എന്നോടു പക്ഷവാദം ചെയ്കയുമരുതു; ഞാൻ നിന്റെ അപേക്ഷ കേൾക്കയില്ല. എന്നെ വളരെയധികം ചിന്തിപ്പിച്ചതും അതോടൊപ്പം അസ്വസ്ഥപ്പെടുത്തിയതുമായ ഒരു ബോധ്യമായിരുന്നു ഇത്. ഞാനിതു പലവട്ടം വായിച്ചു. അതിൽ നിന്നും ദൈവ വചനത്തിലൂടെയുള്ള പൊരുൾ തേടിയുള്ള ഒരു യാത്ര. അത് ദൈവം എനിക്ക് കാണിച്ചു തന്നു, പല ദൈവദാസൻമാരുടെയും വെളിപ്പെടുത്തലുകളും എന്നെ ഈ കാര്യത്തിൽ ഒരുപാടു സഹായിച്ചത്.

യിരെമ്യാവിനോട് ദൈവം പറയുന്നത് ആലയ വാതിൽക്കൽ നിന്നു കൊണ്ട് യഹോവയെ നമസ്കരിപ്പാൻ ആലയത്തിലേക്ക് കടന്നു ചെല്ലുന്നവരോട് നാം ആദ്യമായി പറഞ്ഞ വാക്കുകൾ പറയുവാൻ ആജ്ഞാപിക്കുന്നത്. അതെ, ഈ സന്ദേശത്തിന്, ദൈവത്തെ അറിഞ്ഞവർക്ക്, അനുസരിക്കുന്നവർക്ക് ഉള്ള അറിയിപ്പായി ദൈവം പറയുന്നു. [യിരെമ്യാവു 7:16] അതുകൊണ്ട് നീ ജനത്തിനു വേണ്ടി പ്രാർത്ഥിക്കരുത്. അവർക്കു വേണ്ടി യാചനയും പ്രാർത്ഥനയും

കഴിക്കരുത്, എന്നോട് പക്ഷവാദം ചെയ്യരുത്, ഞാൻ
നിന്റെ അപേക്ഷ കേൾക്കയില്ല. അതെ ദൈവം
മനുഷ്യന് പ്രാർത്ഥനയ്ക്കുള്ള എല്ലാ സ്വാതന്ത്ര്യവും കൂടെ
തരുന്നു. ഈ വേദഭാഗം തന്നെ ദൈവാത്മാവ്
അതിനുള്ള കാരണങ്ങളും നമുക്ക് സംശയത്തിനിടയില്ലാതെ
വെളിപ്പെടുത്തുന്നു. അതിലേക്ക്! –

1. യിരെമ്യാവ് 7:3 – ദുർന്നടപ്പ്, ദുഷ്പ്രവർത്തി നിമിത്തം ദൈവം പ്രാർത്ഥന നിരസിക്കുന്നു.

2. യഹോവയുടെ മന്ദിരം, അല്ലെങ്കിൽ ആലയത്തെ കുറിച്ചു ഉള്ള വ്യാജവാക്കുകൾ, അനാവശ്യമായ സ്വയ അഭിമാനം.

3. ന്യായത്തെ വിസ്മരിച്ച് അന്യായം ചെയ്ത ശേഷവും ആലയത്തിലെത്തുന്നവർ, മോഷ്ടിച്ച്, വഞ്ചിച്ച് അതിന്റെ ഓഹരി ആലയത്തിലെത്തിക്കുന്നവരുമാകാം.

4. പരദേശി, വിധവ, അനാഥർ എന്നിവരെ ഒക്കെയൊ ഓർക്കാതെ ആലയത്തിൽ വന്നു സാഷ്ടാംഗം വീഴുന്ന നിങ്ങളുടെ പ്രാർത്ഥന, അല്ലെങ്കിൽ, സഹജീവികളെയും സമൂഹത്തിലെ അവശവിഭാഗത്തെയും കാണാത്തവരെയും ദൈവം കൈക്കൊള്ളുന്നില്ല.

5. കുറ്റമില്ലാത്ത രക്തം ചൊരിയുന്നവർ, നിരപരാധികളെ കരുതാത്തവർ, അവരെ പരിഗണിക്കാത്തവർ, അവരോട് കരുണ കാണിക്കാത്തവർ (7:6)

6. അന്യദേവ സേവ ചെയ്യുന്നവർ, ദൈവഹിതമില്ലാത്ത ആചാരനുഷ്ഠാനങ്ങൾ ചെയ്യുന്നവർ. [7:6, 7:18]

7. വ്യാജ വാക്കുകളിൽ ആശ്രയിക്കുന്നവർ [7:8]

8. മോഷണം, കൊല, വ്യഭിചാരം തുടങ്ങി ദൈവം വെറുക്കുന്ന കാര്യങ്ങൾ ചെയ്യുന്നവർ [7:9]

9. നിങ്ങളോട് ദൈവാത്മാവ് പറയുന്നു നിങ്ങൾ ഈ വക ചെയ്ത ശേഷം ആലയത്തിൽ വന്ന് ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നു.

ഇത് പുതിയ നിയമസഭയ്ക്കും വളരെ പ്രസക്തമാണ്. ഇന്ന് അനേകർ വിശ്വസിച്ചു സഭയോട് ചേർന്ന ശേഷവും യഥാർത്ഥ മാനസാന്തരത്തിന്റെ ഫലം കാണിക്കാതെ വീണ്ടും പഴയ പ്രവർത്തിയിലേക്ക് തിരിച്ചു പോകുന്നു. അവസാനം ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നു. അവരോട് ദൈവാത്മാവ് പറയുന്നു നിങ്ങൾ എന്റെ ആലയം കള്ളന്മാരുടെ ഗുഹയാക്കിയിരിക്കുന്നു. ദൈവം പറയുന്നു ദൈവത്തിന്റെ ആലയം തന്നെ അവരിൽ നിന്നും അവർക്ക് അന്യമാകും. [യിരെമ്യാവ് 7:14-15]



എന്നാൽ ദൈവാത്മാവ് അവരോട് സംസാരിക്കുന്നു എന്ന യാഥാർത്ഥ്യം ദൈവം വെളിപ്പെടുത്തുന്നു. അതികാലത്തും, ഇടവിടാതെയും സംസാരിച്ചിട്ടും അവരെ വിളിച്ചിട്ടും അവർ അനുസരിക്കുന്നില്ല, എന്ന യാഥാർത്ഥ്യം. [7.14] അതെ നമ്മുടെ പ്രവർത്തികൾ കഠിനമെങ്കിലും പിന്തിരിയുവാനുള്ള മാനസാന്തരത്തിനുള്ള വിളി ദൈവം നമുക്ക് നൽകുന്നു. അതും നാം ത്യജിക്കുന്നതാൽ നമ്മുടെ പ്രാർത്ഥന ദൈവം തീർത്തും തള്ളുമെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതാണ്.

നമ്മുടെ പ്രാർത്ഥനകൾ ഒരിക്കലും ദൈവത്തെ മടുപ്പിക്കരുത്. അവൻ സ്ഥിരമാനസനാണ്. നാം നന്മ പ്രവർത്തിച്ച് ദൈവസന്നിധിയിൽ ചെന്നിരുന്ന് നന്മതന്നെ ചെയ്യുമ്പോഴാണ് ദൈവപ്രസാദം വെളിപ്പെടുന്നത്. അപ്പോൾ ദൈവത്തിനല്ല മടുപ്പ് സംഭവിക്കുന്നത് നമ്മിൽ തന്നെയാണ്!

ഒരു വിശ്വാസിക്ക് എന്നും പ്രാർത്ഥിക്കുവാനുള്ള അധികാരം ഉണ്ട്. പ്രാർത്ഥന ദൈവഹിതത്തിനു തക്കതായിരിക്കണം:

ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള പ്രാർത്ഥന
ശ്രവിക്കുന്നു. "I യോഹന്നാൻ 5:14" അവന്റെ ഇഷ്ട
പ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ
നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോ
ടുള്ള ധൈര്യം ആകുന്നു.
നമ്മുടെ പ്രാർത്ഥന യാഥാർത്ഥ്യ ബോധ്യത്തോടെ ആകണം:
അത് നമ്മുടെ സ്വാർത്ഥമായ ഭാവങ്ങൾ പൂർത്തീകരിക്കുവാന
കരുത്. യാക്കോബ് 4:3" നിങ്ങൾ യാചിക്കുന്നുവെങ്കിലും നിങ്ങ-
ളുടെ ഭോഗങ്ങളിൽ ചിലവിടേണ്ടതിന് വല്ലാതെ യാചിക്കു-
ന്നതുകൊണ്ട് ഒന്നും ലഭിക്കുന്നില്ല." നമ്മുടെ പിതാവിന്റെ
പക്കൽ ഒന്നിനും കുറവില്ല എങ്കിലും അവൻ സാധിച്ചു തരുവാ
ൻ മതിയായവൻ എങ്കിലും നാം യാഥാർത്ഥ്യ ബോധത്തോ
ടെ പ്രാർത്ഥിക്കുക. നമ്മുടെ ഹൃദയത്തിൽ കള്ളം, അകൃത്യം
നിറഞ്ഞാൽ പ്രാർത്ഥിക്കുന്നതെങ്കിൽ ദൈവം കേൾക്കില്ല.
[മത്തായി 5:23, സങ്കീർത്തനം 66:18]. അതേ നമ്മുടെ
രഹസ്യ പാപങ്ങളും നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കു-
ന്നതിൽ നിന്നും ദൈവത്തെ വിലക്കുന്നു. സങ്കീർത്തനം 90:5
നമ്മൾ നമ്മുടെ പ്രാർത്ഥനയിൽ ദൈവത്തെ
സഹായിക്കാറുണ്ടോ? ഇല്ലെങ്കിൽ ദൈവം പ്രാർത്ഥന കേൾക്കാറി
ല്ല. നാം എങ്ങനെ ദൈവത്തെ സഹായിക്കും..? നാം ദൈവത്തെ
അവൻ സർവ്വശക്തനാണെന്ന് വച്ച് പ്രാർത്ഥിക്കുന്നു. നമ്മുടെ
ഭാഗത്തുനിന്നും നമ്മ പ്രവൃത്തിയിലിടാറില്ല. അതേ കണ്ണീരിനെ
പോലും വിയർപ്പും വേണമെന്ന് ദൈവം ആഗ്രഹിക്കുന്നു.
അപ്പോഴാണ് ദൈവം പ്രവർത്തിക്കുന്നത്.
ചിലപ്പോഴൊക്കെ നാം ദൈവത്തിൽ നിന്നും
വല്ലതൊന്നും പ്രതീക്ഷിക്കാറില്ല. ചില പ്രാർത്ഥനകൾക്ക്
ഉടനെ ഉത്തരം ലഭിച്ചില്ലെങ്കിൽ നാം നിരാശരാവുന്നു.
ഉടനെ ഉത്തരം പ്രതീക്ഷിക്കുന്നതും, ക്ഷമയില്ലായ്മയും
ദൈവത്തിൽ നമുക്കുള്ള അവിശ്വാസത്തെ കാണിക്കുന്നു.

അതെ നിശബ്ദത ശബ്ദത്തിന്റെ ഗംഭീരതയെ കൂട്ടുന്നു.
താമസിക്കുന്ന പ്രാർത്ഥനയ്ക്ക് പ്രതിഫലം കൂടും.
ചിലർ പ്രാർത്ഥിക്കുമ്പോൾ ഉത്തരം എപ്രകാരമാകണം
എന്നു പറയുന്നു. അവർ ദൈവത്തെ ഉപദേശിക്കുന്നു
എന്നു തോന്നും. അങ്ങനെയല്ല വചനം പറയുന്നത്,
നിന്റെ ഭാരം അവനിൽ ഇടുക, പിന്നെ നീ ശാന്തനായി
അവന്റെ പ്രവൃത്തിക്കായി കാത്തിരിക്കുക.

അതെ നാം തുടങ്ങുമ്പോൾ ശത്രു എന്ന ഉണ്ടാകും.
അവൻ ദൈവത്തെ തള്ളിക്കളയുവാൻ നിന്റെ കാതി-
ൽ മന്ത്രിക്കും. അപ്പോൾ സാഹചര്യത്തെ ഓർക്കുക.
ദൈവം തക്കസമയത്തു പ്രവർത്തിക്കുന്നവനാണ്. അവൻ
നമ്മുടെ നന്മയ്ക്കായി മാത്രം പ്രവർത്തിക്കും.

നമ്മുടെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് താമസം വരു
മ്പോൾ മറ്റുള്ളവർ നിന്നെ തളരുമ്പോൾ, പലരും നിന്നെ
ദൈവനിന്ദക്കായി പ്രേരിപ്പിക്കുമ്പോൾ ദൈവസന്നിധി
യിൽ കാത്തിരിക്കാം. തീർച്ചയായും ദൈവം ഉത്തരം
നൽകും.



# സന്തോഷത്തിന്റെ ഉറവിടം

സിസ്റ്റർ. സിന്ധു മാത്യു

യഥാർത്ഥമായ സന്തോഷം നിത്യമായിട്ടുള്ളതാണ്.
അത് നമ്മുടെ കർത്താവായ യേശുക്രിസ്തുവാണ്.



## സന്തോഷത്തിന്റെ ഉറവിടം

ലേഖനം: സി. സിനു മാത്യു.

വായനാഭാഗം:- സങ്കീർത്തനങ്ങൾ 118:24
"ഇത് കർത്താവ് ഉണ്ടാക്കിയ ദിവസം;
ഇന്ന് നാം സന്തോഷിച്ചു ആനന്ദിക്കാം.

എല്ലാവർക്കും എല്ലാ ദിവസവും സന്തോഷമായിരിരിക്കുവാനാണ് ആഗ്രഹം. എന്നാൽ യഥാർത്ഥമായ സന്തോഷം എന്താണ്? യഥാർത്ഥമായ സന്തോഷം നമ്മുടെ സാഹചര്യങ്ങൾക്ക് അതീതമാണ്. അത് നമ്മുടെ ഉള്ളിൽ തന്നെ ഉള്ളതാണ്. സാഹചര്യം എന്തു തന്നെ ആയാലും അനുകൂലമാണെങ്കിലും പ്രതികൂലമാണെങ്കിലും ഹൃദയത്തിൽ സന്തോഷിക്കുന്നവനാണ് യഥാർത്ഥ ആത്മീയൻ. അത് നമ്മളും, നമ്മുടെ ദൈവവുമായുള്ള ബന്ധത്തിന്റെ ആഴം അനുസരിച്ചിരിക്കും. ഒരു ഉദാഹരണം പറയട്ടെ. രണ്ടു തരം വിശ്വാസികൾ ഉണ്ട് Thermoflask വിശ്വാസികളും Thermostat വിശ്വാസികളും. Thermoflask എന്ന് പറഞ്ഞാൽ പുറമെയുള്ള കാലാവസ്ഥ എന്തു തന്നെയായാലും ചൂടായാലും തണുപ്പായാലും flask-ൽ ഒഴിച്ചിട്ടുള്ള പദാർത്ഥത്തിന്റെ Temperature മാറുകയില്ല. അത് അങ്ങനെ തന്നെ നിലനിൽക്കും. എന്നാൽ Thermostat എന്നാൽ പുറത്ത് ചൂടാണെങ്കിൽ അകത്തെ പദാർത്ഥവും ചൂടാവും, തണുപ്പാണെങ്കിൽ അകത്ത് ഒഴിച്ചിട്ടുള്ള പദാർത്ഥവും തണുപ്പാകും. നമ്മൾ ഇതിലേതുള്ള വിശ്വാസികളാണോ എന്ന് പരിശോധിക്കേണ്ടതാണ്.

ഹബക്കുക്കിന്റെ പോലെ ഏത് പ്രതികൂലത്തിലും കർത്താവിൽ സന്തോഷിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? അത്തി വൃക്ഷം തളിർക്കയില്ല, മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല. ഒലിവു മരത്തിന്റെ പ്രയത്നം നിഷ്ഫലമായി പോകും. നിലങ്ങൾ ആഹാരം വിളയിക്കുകയില്ല. ആട്ടിൻകൂട്ടം തൊഴുത്തിൽ നിന്ന് നശിച്ചു പോകും. ഗോശാലക

ത്തിൽ കന്നുകാലി ഇല്ലാതെയിരിക്കയില്ല, എങ്കിലും ഞാൻ
യഹോവയിൽ ആനന്ദിച്ചുല്ലസിക്കും. ഹബക്കൂക്ക് 3:17-18

ലോകത്തിലെ എല്ലാ സന്തോഷവും താൽക്കാലികമാണ്. ലോകത്തിലെ ഒരു സന്തോഷത്തിനും നമ്മെ തൃപ്തരാക്കുവാൻ സാധിക്കുകയില്ല. എത്ര ആഗ്രഹിച്ചു കിട്ടിയ ജോലിയാണെങ്കിലും ജോലിക്ക് കയറി ഒരു മാസം കഴിയുമ്പോൾ മുതൽ സ്ഥാനക്കയറ്റത്തെക്കുറിച്ചോ ശമ്പളം കുറവായതു പോലെ ഒക്കെയോ ചിന്തിച്ചു തുടങ്ങും. ടെൻഷൻ ഉത്കണ്ഠ, ടെൻഷൻ, ടെൻഷനുകൾ ന് കാർ,... ഇങ്ങനെ നമ്മുടെ ആഗ്രഹങ്ങൾ നീളുക പോകും. യഥാർത്ഥത്തിൽ നമ്മുടെ ദുഃഖത്തിന്റെ അടിസ്ഥാനപരമായ കാരണം, നമ്മുടെ ലോകപരമായ സന്തോഷമാണ്. നമുക്ക് ലഭിച്ചിരുന്ന സന്തോഷം ഇപ്പോൾ ലഭിക്കാതെ വരുമ്പോൾ, നമുക്ക് ലഭിക്കേണ്ട സന്തോഷം കിട്ടാതെ വരുമ്പോൾ നാം ദുഃഖിതരാകും. അങ്ങനെ നോക്കുമ്പോൾ സന്തോഷമാണ് ദുഃഖത്തിന്റെ അടിസ്ഥാനം. നമ്മൾ ആഗ്രഹിച്ച കാര്യങ്ങൾ അതു പോലെ നടന്നാൽ നല്ലത്. എന്നാൽ നടന്നില്ലെങ്കിൽ കൂടുതൽ നല്ലത്, കാരണം ദൈവത്തിന്റെ ഒരു ഇഷ്ടം അതിൽ ഉണ്ട് എന്ന് നാം മനസ്സിലാക്കണം.

യഥാർത്ഥമായ സന്തോഷം നിത്യമായിട്ടുള്ളതാണ്. അതു നമ്മുടെ കർത്താവായ യേശുക്രിസ്തുവാണ്. "കർത്താവിൽ സന്തോഷിപ്പിൻ, എപ്പോഴും സന്തോഷിപ്പിൻ." [ഫിലിപ്പിയർ 4:4]



# സ്നേഹിതൻ ഒരു സഹോദരൻ

ജസ്റ്റിൻ കുമ്പഴ.

പാപം ചെയ്യരുത് എന്നുള്ള അനേകം പ്രസംഗങ്ങൾ നാം കേട്ടിട്ടുണ്ട്. പല തരത്തിൽ ഉള്ള പാപങ്ങൾ നമുക്ക് അറിയാം. വചനം പറയുന്നു "കൂട്ടുകാരനെ നിന്ദിക്കുന്നവൻ പാപം ചെയ്യുന്നു". "കൂട്ടുകാരനെ വഞ്ചിച്ചിട്ട് അതു കളി എന്നു പറയുന്ന മനുഷ്യൻ തീക്കൊള്ളികളും അമ്പുകളും മരണവും എറിയുന്ന ഭ്രാന്തനെ പോലെയാകുന്നു.

## സ്നേഹിതൻ ഒരു സഹോദരൻ!

ലേഖനം: ജെസ്റ്റിൻ ജോബി

ജീവിതത്തിൽ സ്നേഹിതന്മാരി
ല്ലാത്തവരില്ല. പലതരത്തിലും പല രീതിയിലും നമ്മോട്
ബന്ധപ്പെടുന്ന സ്നേഹിതന്മാർ ഉണ്ട്. Friendship day
എന്ന ഒരു ദിവസം തന്നെ നമ്മൾ ആഘോഷിക്കുന്നു.
ആ ദിനത്തിൽ നാം അന്യോന്യം സമ്മാനങ്ങൾ വാങ്ങി നൽകു
കയും സന്ദേശങ്ങൾ കൈമാറുകയും
ഒക്കെ ചെയ്യും. സാധാരണ ജീവിത
ത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞി
രിക്കുന്നു Friendship day യും.
എന്നാൽ ക്രിസ്തീയ ജീവിതത്തി
ൽ ആരാണ് നമ്മുടെ സ്നേഹിതൻ.
ക്രിസ്തീയ ജീവിതത്തിൽ സ്നേഹി
തൻ ക്രിസ്തുവിന്റെ നിഴലാണ്.



അല്ല ക്രിസ്തു തന്നെ ആയിരിക്കണം. യോഹന്നാൻ 15:13ൽ
പറയുന്നു "സ്നേഹിതന്മാർക്ക് വേണ്ടി ജീവൻ കൊടുക്കു
ന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല." അതെ
ക്രിസ്തു നമുക്ക് വേണ്ടി തന്റെ ജീവൻ കൊടുത്തതു പോലെ,
നമ്മുടെ കൂട്ടുകാർക്ക് വേണ്ടി നമ്മുടെ ജീവനെ കൊടുക്കുവാൻ
നാം തയ്യാറാണോ? ഇന്നു പലരും നമ്മുടെ സ്നേഹിത
ന്മാരായിരിക്കുന്നത് നമ്മിൽ നിന്ന് ചില കാര്യങ്ങൾ പ്രതീ
ക്ഷിച്ചിട്ടാണ്. എന്നാൽ ക്രിസ്തുവോ നമ്മിൽ നിന്ന്
ഒന്നും പ്രതീക്ഷിച്ചിട്ടല്ല, നമ്മുടെ രക്ഷയ്ക്കുവേണ്ടി
മരിച്ചു.

ഈ ലോകത്ത് നമുക്ക് അനേകർ സ്നേഹിത
രായിട്ടുണ്ട്. എന്നാൽ ക്രിസ്തു എന്ന രക്ഷകൻ നമ്മുടെ
കൂട്ടുകാരൻ ആണോ? നമ്മുടെ ജീവിതത്തിലെ പ്രയാസ



കാര്യങ്ങൾക്ക് ആലോചന ചോദി
ക്കുന്നത് നമ്മുടെ കൂട്ടുകാരോടാണ്.
എന്നാൽ ക്രിസ്തുവിനെ അനുഗമി
ക്കുന്ന നമ്മിൽ എത്രപേർ നമ്മുടെ
സ്നേഹിതനായ ക്രിസ്തുവിനോട്
ആലോചന ചോദിക്കും? യോഹന്നാൻ
15-4-ൽ പറയുന്നു 'ഞാൻ നിങ്ങ
ളോട് കല്പിക്കുന്നത് ചെയ്താൽ
നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ. ക്രിസ്തു എന്ന
കൂട്ടുകാരന്റെ ആലോചന കേൾക്കാൻ നാം തയ്യാറാണോ?
യാക്കോബ് 2:23-ൽ പറയുന്നു 'അബ്രാഹാം ദൈവ
ത്തെ വിശ്വസിക്കയും അത് അവന്നു നീതിയായി കണക്കിടു
കയും ചെയ്തു എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി
അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്ന പേർ
പ്രാപിച്ചു.

ഒരു വ്യക്തിയുടെ കൂടെ ഏറ്റവും കാണുന്ന
ത് അവന്റെ സ്നേഹിതൻ ആയിരിക്കും. അതുപോലെ
തന്റെ സ്നേഹിതനു ഇഷ്ടം ഇല്ലാത്ത കാര്യം ചെയ്‌വാൻ
അവൻ തയ്യാറാകുകയില്ലതാനും.

എന്നാൽ ക്രിസ്തു എന്ന കൂട്ടുകാരന്റെ കൂടെ
ആണോ നമ്മൾ നടക്കുന്നത്? അവനു ഇഷ്ടമുള്ള കാര്യ
ങ്ങൾ ആണോ നമ്മൾ ചെയ്യുന്നത്?
"എങ്ങനെ നമുക്ക് കൂട്ടുകാരനെ സ്നേഹിക്കാം എന്നാണ്
ക്രിസ്തീയ ജീവിതം പഠിപ്പിക്കുന്നത്?".
നമ്മുടെ സ്നേഹിതനെ സഹോദരനെപോലെ സ്നേ
ഹിക്കുവാൻ പറ്റുമെങ്കിൽ അതു തന്നെയാണ് ഏറ്റവും
വലിയ സ്നേഹം.
സദൃശവാക്യങ്ങൾ 17:17ൽ പറയുന്നു "സ്നേഹിതൻ എല്ലാ
കാലത്തും സ്നേഹിക്കുന്നു. അനർത്ഥകാലത്തു അവൻ
സഹോദരനായിത്തീരുന്നു."

നമ്മുടെ കൂട്ടുകാരനായ സഹോദരനെ സ്നേഹിക്കുന്നതി
ലൂടെ ക്രിസ്തുയേശുവിന്റെ സ്നേഹം നമ്മിൽ
വെളിപ്പെട്ടു വരുന്നു. 1 യോഹന്നാൻ 3:14-15-ൽ
പറയുന്നു "നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു
എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക്
അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു.
സഹോദരനെ പകെക്കുന്നവൻ എല്ലാം കുലപാതകൻ
ആകുന്നു. യാതൊരു കുലപാതകനും നിത്യജീവനുള്ളി
ൽ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു.
അവൻ നമുക്കു വേണ്ടി പ്രാണനെ വെച്ചുകൊടു
ത്തതിനാൽ നാം സ്നേഹം എന്തെന്നു അറിഞ്ഞിരി
ക്കുന്നു. നാമും സഹോദരന്മാർക്കു വേണ്ടി പ്രാണനെ
വെച്ചുകൊടുക്കേണ്ടതാകുന്നു
ചിലപ്പോഴൊക്കെ സഹായത്തിനായി വരുന്ന കൂട്ടുകാരെ
നാം അവഗണിക്കാറുണ്ട്. അല്ലെങ്കിൽ ന്യായമായ കാരണ
ങ്ങൾ പറഞ്ഞ് ഒഴിവാക്കും. സദൃശവാക്യങ്ങൾ 3:28-
"നിന്റെ കയ്യിൽ ഉള്ളപ്പോൾ കൂട്ടുകാരനോട് പോയി
വരിക, നാളെത്തരാം എന്നു പറയരുത്. കൂട്ടുകാരൻ
സമീപേ നിർഭയം വസിക്കുമ്പോൾ അവന്റെ നേരെ
ദോഷം നിരൂപിക്കരുത്. അതുപോലെ 1 യോഹന്നാൻ
3:17ൽ പറയുന്നു "എന്നാൽ ഈ ലോകത്തിലെ വസ്തു
വക ഉള്ളവൻ ആരെങ്കിലും തന്റെ സഹോദരനു
മുട്ടുള്ളതു കണ്ടിട്ട് അവനോടു മനസ്സലിവു കാണിക്കാ
ഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ
വസിക്കും". ഇങ്ങനെയുള്ളവർക്ക് ക്രിസ്തുവിന്റെ കൂട്ടുകാര
ൻ ആകുവാൻ സാധിക്കയില്ല.
നാം കൂട്ടുകാരെ പലപ്പോഴും പല വാക്കിലൂടെ തമാശ
എന്നു പറഞ്ഞ് നിന്ദിക്കയും കളിയാക്കുകയും ചെയ്യാറുണ്ട്.
സദൃശവാക്യം 11:12-ൽ പറയുന്നു കൂട്ടുകാരനെ
നിന്ദിക്കുന്നവൻ ബുദ്ധിഹീനൻ. വിവേകമുള്ളവനോ
മിണ്ടാതിരിക്കുന്നു.

പാപം ചെയ്യരുത് എന്നുള്ള അനേകം പ്രസംഗ ങ്ങൾ നാം കേട്ടിട്ടുണ്ട്. പല തരത്തിൽ ഉള്ള പാപങ്ങൾ നമുക്ക് അറിയാം. വചനം പറയുന്നു "കൂട്ടുകാരനെ നിന്ദിക്കുന്നവൻ പാപം ചെയ്യുന്നു". "കൂട്ടുകാരനെ വഞ്ചിച്ചിട്ട് അത് കളി എന്നു പറയുന്ന മനുഷ്യൻ തീക്കൊള്ളികളും അമ്പുകളും മരണവും എറിയുന്ന ഭ്രാന്തനെ പോലെയാകുന്നു.

സാഹസക്കാരൻ കൂട്ടുകാരനെ വശീകരിക്കുകയും കൊള്ളരുതാത്ത വഴിയിൽ നടത്തുകയും ചെയ്യുന്നു. എന്നാൽ തന്റെ കൂട്ടുകാരനെ ഒരു സഹോദരനെ പോലെ സ്നേഹിക്കുന്നവൻ കൂട്ടുകാരനു വഴികാട്ടിയാകുന്നു.

സദൃശവാക്യം 12-26-ൽ പറയുന്നത് "നീതിമാൻ കൂട്ടുകാരനു വഴികാട്ടിയാകുന്നു. ദുഷ്ടന്മാരുടെ വഴിയോ അവരെ തെറ്റി നടക്കുമാറാക്കുന്നു."

നമ്മൾ ഏതു തരത്തിൽ ഉള്ള കൂട്ടുകാരൻ ആണ്? യേശു കർത്താവിനെപോലെ സ്വന്തജീവൻ വിട്ടുകൊടുക്കുവാൻ തയ്യാറാകുന്നവരാണോ?

ക്രിസ്തുവിന്റെ സ്നേഹത്തിലൂടെ നമ്മുടെ കൂട്ടുകാരായ സഹോദരങ്ങൾക്ക് വഴികാട്ടിയായിത്തീരാൻ പരിശുദ്ധനായ ദൈവം നമ്മെ സഹായിക്കട്ടെ.

# മിഷനറി ചരിത്രം

## സി. ടി. സ്റ്റഡ്.

ക്രിക്കറ്റ് കളിയിൽ തുടർന്നിരുന്നുവെങ്കിൽ ലോകം ആരാധിക്കുന്ന ഒരു ക്രിക്കറ്റ് ഇതിഹാസമായി അവൻ മാറിയിരുന്നു. പണം, പദവികൾ, പ്രശസ്തി, എല്ലാം കവിഞ്ഞു കൂടുമായിരുന്നു. എന്നാൽ ചാൾസ് തോമസ് സ്റ്റഡ് എന്ന സി. ടി. സ്റ്റഡ് അവയെല്ലാം നിസ്സാരമായി തള്ളിക്കളഞ്ഞു കൊണ്ട് ലോകം ഭോഷത്വമാണെന്ന് കരുതുന്നത് തിരഞ്ഞെടുക്കുവാൻ, യേശുക്രിസ്തുവിന്റെ ഒരു മിഷനറിയാകുവാൻ സ്വയം സമർപ്പിച്ചു.



# മിഷനറി ചരിത്രം.

സി.ടി. സ്റ്റഡ്.

സി.ടി. സ്റ്റഡ് മിഷനറി, ചരിത്രത്തിൽ സമാനതയില്ലാത്ത വ്യക്തിത്വം. സുഖസൗകര്യങ്ങളുടെ ചാതുര്യത്തിൽ ജനിച്ചുവീണ്, ക്രിക്കറ്റ് പ്രേമികളുടെ ഹീറോ ആയി മാറി ചരിത്രനേട്ടങ്ങളിലേക്ക് ഓടിക്കയറുമ്പോൾ, ഇടയ്ക്കുവച്ച് തങ്ങളുടെ ഇന്നിംഗ്സിൽ പരമാവധി സ്കോർ എടുത്തതിനുശേഷം എതിർ ടീമിനെ ബൗളിംഗിന് അയക്കുവാനായി ഇന്നിംഗ്സ് ഡിക്ലയർ ചെയ്ത് ഗ്രൗണ്ടിൽ നിന്നും കയറിപ്പോകുന്നതുപോലെ ക്രിക്കറ്റ് എന്ന മാസ്മരിക ലോകത്തുനിന്നും ആ ഇന്നിംഗ്സ് അവസാനിപ്പിച്ച് സുവിശേഷമെന്ന മറ്റൊരു ഇന്നിംഗ്സിനായി പാഡു കെട്ടുവാൻ ആവശ്യപ്പെട്ടത് മറ്റാരുമല്ല; നായകനും, ഓപ്പണിംഗ് ഇന്നിംഗ്സ് തുടങ്ങി വച്ച ആത്മനാഥനായ യേശു തന്നെ.

ബ്രിട്ടീഷ് ഇന്ത്യയിൽ നിരവധി വസ്തുവകകൾക്ക് ഉടമയായിരുന്ന പിതാവ് എഡ്വേർഡ് സ്റ്റഡ് ഇതെല്ലാം വിറ്റ് ടെഡ്‌വർത്തിൽ രാജകീയ പ്രതാപത്തോടെ ജീവിച്ചു വരികയാണ് യേശുവിനെ കർത്താവും രക്ഷകനുമായി സ്വീകരിക്കുന്നത്. കുതിരപ്പന്തയത്തിൽ അഗ്രഗണ്യനായ എഡ്വേർഡ് സ്റ്റഡ് സുഹൃത്തായ വിൻസെന്റിന്റെ നിർബന്ധ പ്രകാരമാണ് ഡി.എൽ. മൂഡിയുടെ സുവിശേഷയോഗത്തിൽ പങ്കെടുത്തത്. അവിടെ വച്ച് യേശുവിനെ കർത്താവായി സ്വീകരിച്ചു. ലോകപരമായ സകലവിധ ഭോഗങ്ങളും ഉപേക്ഷിച്ചു. കുതിരപ്പന്തയമെന്ന ചൂതാട്ടത്തിനു പുറമേ ക്രിക്കറ്റ്, നായാട്ട്, നാടകം, സംഗീതം, ഇവയെല്ലാം തന്റെ കൂടെപ്പിറപ്പായിരുന്നു. ഇവയെല്ലാം ദൈവസ്നേഹത്തിൽ നിന്ന് തന്നെ അകറ്റുമെന്ന് തിരിച്ചറിഞ്ഞ എഡ്വേർഡ് സ്റ്റഡ് അതെല്ലാം ഉപേക്ഷിച്ചു.



തന്റെ മൂന്നു സഹോദരന്മാരെയും മറ്റു കുടുംബാംഗങ്ങൾ,
സുഹൃത്തുക്കൾ തുടങ്ങിയ അനേകരെ രക്ഷയുടെ അനുഭ-
വത്തിലേക്ക് കൊണ്ടുവരുവാൻ രക്ഷിക്കപ്പെട്ടതിനു
ശേഷം കേവലം രണ്ടു വർഷം മാത്രം ആയുസ്സു
ശേഷിച്ചിരുന്ന എഡ്വേർഡ് സ്റ്റഡിനു സാധിച്ചു.

ക്രിക്കറ്റ് ലോകത്തെ കീഴടക്കിക്കൊണ്ട് തന്റെ
മൂന്നു സഹോദരന്മാരും മുന്നേറി. പിതാവിന്റെ ആത്മീയ-
പകരാത്ത രക്ഷിക്കപ്പെട്ടവരെങ്കിലും മൂവരും സമയവും
ക്രിക്കറ്റ് എന്ന ചിന്തയിൽ അവരുടെ രക്ഷയെക്കുറിച്ചുള്ള
ഓർമ്മ അവരിൽ നിന്ന് അകന്നു പോയി. എന്നാൽ
ജ്യേഷ്ഠ സഹോദരൻ ജോർജ്ജിന്റെ മാരകമായ രോഗം
ചാൾസിനെ വീണ്ടും ദൈവത്തെക്കുറിച്ച് ചിന്തിക്കുവാൻ
തുടങ്ങി. സഹോദരന്റെ സമീപം ചിലവഴിച്ച നിമിഷ-
ങ്ങൾ തന്റെ ഹൃദയത്തിലൂടെ ചില ചോദ്യങ്ങളുയർന്നു.
ഈ ലോകം നല്കുന്ന പേരിനും പ്രശസ്തിക്കും പണത്തി-
നും ജോർജ്ജിനെ സംബന്ധിച്ച് എന്ത് വിലയാണുള്ളത്.
പദവികൾക്ക് എന്ത് മൂല്യം.

ആദിവസങ്ങളിൽ ഡി. എൽ. മൂഡിയുടെ സന്ദേശ-
ങ്ങളിലൂടെ ദൈവാത്മാവ് ചാൾസിനോട് വീണ്ടും ഇടപെട്ടു.
ചാൾസ് തന്റെ ജീവിതത്തിൽ ഒരിക്കൽ കൂടി മുട്ടുമടക്കി.
ജീവിതത്തിൽ സംഭവിച്ച പരാജയങ്ങളെയും തെറ്റുകളെയും
ഏറ്റു പറഞ്ഞു. ക്രിക്കറ്റിനെയും മറ്റു പലതിനെയും പിന്നി-
ലേക്ക് തള്ളി മാറ്റി. യേശുക്രിസ്തുവിനു ഒന്നാം സ്ഥാനം
നല്കി. രക്ഷയുടെ സന്തോഷം തിരികെ കിട്ടിയ
സ്റ്റഡ് പറഞ്ഞു, " ക്രിക്കറ്റിൽ നിരവധി ചരിത്രവിജ-
യങ്ങളിൽ ഞാൻ പങ്കാളിയായിട്ടുണ്ട്. എന്നാൽ ഒരു
വ്യക്തിയെ യേശുക്രിസ്തുവിലേക്ക് നയിക്കുമ്പോൾ
ലഭിക്കുന്ന സന്തോഷം അതിനൊന്നും തുല്യമാകയില്ല."

കോടാനുകോടികൾ യേശുക്രിസ്തുവിനെ അറിയാതെ നശിച്ചു പോയിക്കൊണ്ടിരിക്കുമ്പോൾ തനിക്ക് സ്വന്തം ജീവിതത്തിനു വേണ്ടി ഒരു ജോലിയോ, തൊഴിൽ മേഖലയോ തിരഞ്ഞെടുക്കുവാൻ സാധിക്കുകയില്ലെന്ന് ചാൾസിന് അറിയാമായിരുന്നു. ആത്മാക്കളെ നേടുവാൻ ബുദ്ധിമുട്ടിയ സമയം ഒരു നിരീശ്വരവാദി എഴുതിയ ലഘുലേഖ ചാൾസ് വായിക്കുവാനിടയായി. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. ഒരു ദൈവമുണ്ടെന്ന് എനിക്ക് ബോധ്യപ്പെട്ടിരുന്നുവെങ്കിൽ എന്റെ സർവ്വ കഴിവുകളുമുപയോഗിച്ച് ആ ദൈവത്തെക്കുറിച്ച് ഞാൻ പറയുമായിരുന്നു. എന്റെ സർവ്വ ചിന്തയും വരുവാനുള്ള രാജ്യത്തിൽ കേന്ദ്രീകരിക്കുമായിരുന്നു. ഒരു വ്യക്തിയെ ദൈവത്തിലേക്ക് നയിക്കുന്നതിനു വേണ്ടി എന്റെ ജീവൻ പകരം നൽകുമായിരുന്നു. ഈ ലോകത്തിലെ സന്തോഷങ്ങളോ, സുഖങ്ങളോ, കഷ്ടങ്ങളോ ഒന്നും എന്നെ ബാധിക്കുമായിരുന്നില്ല. ഞാൻ ഒരു ഭ്രാന്തനെപ്പോലെ തെരുവുകളിലൂടെ നടന്ന് പ്രസംഗിക്കുമായിരുന്നു.

ഈ ലഘുലേഖയിലെ വരികൾ ചാൾസിനോട് സംസാരിച്ചു. ദൈവത്തിന്റെ കരങ്ങളിൽ തന്റെ ജീവനും സമയവും തനിക്കുള്ളതെല്ലാം സമർപ്പിച്ചു.

ക്രിക്കറ്റ് കളിയിൽ തുടർന്നിരുന്നുവെങ്കിൽ ലോകം ആദരിക്കുന്ന ഒരു ക്രിക്കറ്റ് ഇതിഹാസമായി അവൻ മാറുമായിരുന്നു. പണം, പദവികൾ, പ്രശസ്തി, എല്ലാം കവിഞ്ഞു കിടക്കുമായിരുന്നു. എന്നാൽ ചാൾസ് തോമസ് സ്റ്റഡ് എന്ന സി.റ്റി.സ്റ്റഡ് അവയെല്ലാം നിസ്സാരമായി തള്ളിക്കളഞ്ഞു കൊണ്ട് ലോകം ഭോഷത്വമെന്ന് കരുതുന്നതു തിരഞ്ഞെടുക്കുവാൻ, യേശുക്രിസ്തുവിന്റെ ഒരു മിഷനറിയാകുവാൻ സ്വയം സമർപ്പിച്ചു.



# പഴയ പാട്ടുകൾ
# സാധു കൊച്ചുകുഞ്ഞു ഉപദേശി



## പഴയ പാട്ടുകൾ

സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ഗാനങ്ങൾ.

പല്ലവി

ജീവിതം വേദനയിൽ ശോധിക്കുന്നോർ
നിശ്ചയം യേശു ഭക്തർ

ചരണങ്ങൾ

ദൈവത്തോടും എല്ലാ മനുഷ്യരോടും സ്നേഹം
ജീവിതത്തിൽ ലഭിക്കും മനസ്സിൽ
സൂക്ഷ്മമായ് ദൈവമുണ്ട് - (ജീവിതം)

പാപത്തിന്നധീന സ്വപ്നത്തിൽ പോലുമോ
ജീവിത നിഷ്ഠയിലല്ലവർ മുഖം
തേജസ്സിൽ ശോഭിച്ചീടും - (ജീവിതം)

സുവിശേഷ ഘോഷണ സേവകരായവർ
സുവിശേഷ പോർക്കളത്തിൽ തോൽക്കാത്തവർ
സൂക്ഷ്മത്തിൽ ലാക്കിലെത്തും - (ജീവിതം)

ലോകത്തിന്നുപ്പാം സത്യമായ് ഭക്തന്മാർ
ലോകത്തിൽ ജീവിക്കുന്നോർക്കെല്ലാവർക്കും
നന്മയായ് തീരുമവർ- (ജീവിതം)

നിത്യാനന്ദാത്മാവിൻ സന്തോഷ സമ്പത്തി
നിത്യവും ആസ്വദിച്ചീ വിശ്വാസികൾ
വാഴുന്നീ പോർക്കളത്തിൽ - (ജീവിതം)

പരമ മണവാളൻ യേശു മഹാരാജൻ
തിരിച്ചുവരും ദിനത്തിൽ കണ്ടാൽ കൊതി
തീരാത്ത ഭാഗ്യമത് - (ജീവിതം)

# ചോദ്യാവലി



## - ചോദ്യാവലി -

i. സീനായിൽ മോശക്ക് വെളിപ്പെടുത്തുവാൻ ദൈവം മോശെക്കു കൊടുത്ത തന്റെ നാമം ഏത്?

ii. സ്വന്തം മകനെ മുല കൊടുത്ത വളർത്തിയതിന് ശമ്പളം പറ്റിയ സ്ത്രീ?

iii. യേശു കർത്താവ് തന്റെ ഐഹിക ജീവകാലത്ത് ചെയ്ത രണ്ടാമത്തെ . . . അത്ഭുതം ചെയ്ത സ്ഥലം?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം. agape.magasine @ gmail.com

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ.

i. ക്രിസ്തുവിന്റെ ന്യായപ്രമാണം?

ഉത്തരം: തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കുന്നതിലൂടെയാണ് ക്രിസ്തുവിന്റെ ന്യായപ്രമാണം നാം നിവർത്തിക്കുന്നത്.


Ref: ഗലാത്യർ 6:2.

ii. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശു കർത്താവിന്റെ അവസാനത്തെ വാക്ക്?

ഉ. അതെ, ഞാൻ വേഗം വരുന്നു.

iii. സ്വർഗ്ഗരാജ്യത്തിന് അയോഗ്യരായവരുടെ list എഴുതുമ്പോൾ വെളിപ്പാട് പുസ്തകം 21ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ആദ്യത്തെ കൂട്ടർ?

ഉത്തരം: ഭീരുക്കൾ





*follow us:*

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com